## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

### സംയോജിത നീർത്തട പരിപാലന പരിപാടി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5846

08.07.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. റ്റി. യു. കുരുവിള. | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ സംയോജിത നീർത്തട പരിപാലന പരിപാടി (ഐ. ഡബ്ല്യു. എം. പി) നടപ്പിലാക്കിയിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് 77 ബ്ലോക്കുകളിൽ സംയോജിത നീർത്തട പരിപാലന പരിപാടി (IWMP) നടപ്പിലാക്കി വരുന്നു. |
| (ബി) | കോതമംഗലം ബ്ലോക്കിൽ പ്രസ്തുത പരിപാടി ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | State Perspective and Strategic Plan (SPSP) പ്രകാരം കോതമംഗലം ബ്ലോക്കിലെ പൈങ്ങോട്ടൂർ, കവളങ്ങാട്, കീരമ്പാറ, പിണ്ടിമന, കോട്ടപ്പടി, പല്ലാരിമംഗലം എന്നീ പഞ്ചായത്തു കളിലായി വ്യാപിച്ചുകിടക്കുന്ന 8 ചെറുനീർത്തടങ്ങൾ ഉൾപ്പെട്ട ഏകദേശം 9600 ഹെക്ടർ വരുന്ന പ്രദേശത്ത് 13-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ സംഘടന സംവിധാനം എപ്രകാരമാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ നിർവ്വഹണത്തിനുള്ള നോഡൽ ഡിപ്പാർട്ട്മെന്റ് തദ്ദേശ സ്വയംഭരണ വകുപ്പാണ്. സംസ്ഥാനത്തെ പ്രോജക്ടുകളുടെ അംഗീകാരം നൽകു ന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി ഒരു സംസ്ഥാനതല നോഡൽ ഏജൻസി (SLNA) ഉണ്ട്. ജില്ലാതല ആസൂത്രണ ത്തിന്റെയും നിർവ്വഹണത്തിന്റെയും മേൽനോട്ട ചുമതല ജില്ലാ ആസൂത്രണസമിതിക്കാണ്. ജില്ലാതലത്തിലുള്ള കമ്മിറ്റിയെ സഹായിക്കുന്നതിനും മറ്റുമായി ജില്ലാതലത്തിൽ വാട്ടർഷെഡ് സെൽ കം ഡേറ്റാ സെന്റർ (WCDC)രൂപീകരിച്ചിട്ടുണ്ട്. സംയോജിത |

| | | | |
|---|---|---|---|
| | | | നീർത്തട പരിപാലന പരിപാടിയുടെ പ്രോഗ്രാം ഇമ്പ്ലിമെന്റേഷൻ ഏജൻസി (PIA) ബ്ലോക്ക് പഞ്ചായത്തുകൾ ആണ്. നീർത്തടവികസന പ്രവർത്തനങ്ങൾ പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നത് ഗ്രാമപഞ്ചായത്ത് പ്രദേശത്താണ്. പ്രവർത്തി നിർവ്വഹണത്തിന്റെ നേരിട്ടുള്ള മേൽനോട്ടം ഗ്രാമപഞ്ചായത്തുകളുടെ ചുമതല ആയിരിക്കും. ഇതിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാനും മോണിറ്റർ ചെയ്യുന്നതിനുമായി ഗ്രാമപഞ്ചായത്തുതല നീർത്തട കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ഗ്രാമ പഞ്ചായത്ത് തലത്തിലുള്ള നീർത്തട കമ്മിറ്റിയുടെ ഓഫീസ്, സ്റ്റാഫ് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കേന്ദ്ര മാർഗ്ഗരേഖാ പ്രകാരം എങ്ങനെ ആയിരിക്കണമെന്നാണ് നിർദ്ദേശിക്കുന്നത്? | (ഡി) | കേന്ദ്രമാർഗ്ഗരേഖ പ്രകാരം നീർത്തട കമ്മിറ്റി രൂപീകരിക്കുന്നത് ഗ്രാമസഭയാണ്. നീർത്തടകമ്മിറ്റിയുടെ ചെയർമാനെ ഗ്രാമസഭ തെരഞ്ഞെടുക്കുകയോ നേരിട്ട് നിയമിക്കുകയോ ചെയ്യുന്നു. വാട്ടർഷെഡ് കമ്മിറ്റിക്ക് ഒരു സെക്രട്ടറി ഉണ്ടായിരിക്കണം. നീർത്തട കമ്മിറ്റിയിൽ കുറഞ്ഞത് 10 അംഗങ്ങൾ ഉണ്ടായിരിയ്ക്കണം. അതിൽ പകുതി അംഗങ്ങൾ SHG, യൂസർ ഗ്രൂപ്പുകൾ, എസ്.സി/എസ്.ടി കമ്മ്യൂണിറ്റി, സ്ത്രീകൾ, ഭൂരഹിതർ എന്നീ വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികളായിരിയ്ക്കണം. വാട്ടർഷെഡ് ഡവലപ്മെന്റ് ടീമിൽ നിന്നുള്ള ഒരംഗവും നീർത്തട കമ്മിറ്റിയിൽ അംഗമായിരിയ്ക്കണം..<br>കേന്ദ്രമാർഗ്ഗരേഖ പ്രകാരം നീർത്തട കമ്മിറ്റിക്ക് പ്രത്യേകമായി ഒരു ഓഫീസ് വാടകയ്ക്ക് എടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ